# കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - നവകേരളം കർമ്മ പരിപാടി - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - വിഷൻ 100 പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ. (സാധാ) നം. 100/2018/പൊ.വി.വ.** തിരുവനന്തപുരം, **തീയതി : 06/01/2018**

പരാമർശം : 1) 07.11.2016-ലെ സ.ഉ. (പി) നം. 186/2016/പൊ.വി.വ.
2) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മാർഗ്ഗരേഖ-2017.
3) 19.04.2017-ലെ സ.ഉ (പി) നം. 10/2017/ആ.സാ.വ.
4) 26.04.2017-ലെ 201/എം.2/2017/പൊ.വി.വ. പ്രകാരമുള്ള പരിപത്രം.
5) 30.05.2017-ലെ സ.ഉ. (സാധാ) നം. 1630/2017/പൊ.വി.വ മാർഗ്ഗരേഖ-2.
6) 16.06.2017-ലെ സ.ഉ. (സാധാ) നം. 1903/2017/പൊ.വി.വ.

## <u>ഉത്തരവ്</u>

കേരളത്തിന്റെ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട്, നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന നവകേരളം കർമ്മപരിപാടിയുടെ ഭാഗമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി. കേരളത്തിന്റെ വളർച്ചയിലും വികാസത്തിലും അതിനിർണ്ണായക പങ്ക് വഹിക്കേണ്ട പൊതുവിദ്യാഭ്യാസ സംവിധാനത്തെ എല്ലാ അർത്ഥത്തിലും കാലഘട്ടത്തിനനുയോജ്യമായ തരത്തിൽ വളർത്തിയെടുക്കുക എന്നതാണ് ഈ യജ്ഞത്തിന്റെ ഉദ്ദേശം. അക്കാദമിക മികവിനാണ് ഊന്നൽ. ഇതിന്റെ ഭാഗമായി കുട്ടികളിലേയ്ക്ക് പ്രായത്തിനനുയോജ്യമായതും കരിക്കുലം വിഭാവനം ചെയ്യുന്നതുമായ ലക്ഷ്യങ്ങൾ പൂർണ്ണാർത്ഥത്തിൽ എത്തിക്കാൻ വേണ്ട നടപടികൾ, ബന്ധപ്പെട്ട തലങ്ങളിൽ കൃത്യമായി എടുക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് ഭരണസംവിധാനങ്ങളെ ക്രമപ്പെടുത്തുവാനും മിഷൻ മുന്നോട്ട് വയ്ക്കുന്ന അവസര സമത്വം, തുല്യത, സാമൂഹ്യനീതി തുടങ്ങിയവ ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തന പദ്ധതിയാണ് 'വിഷൻ 100'.

ഇതിന്റെ ഭാഗമായി ഭരണ നിർവ്വഹണ വിഭാഗങ്ങളിൽപ്പെട്ട ഓരോ ഓഫീസും ബന്ധപ്പെട്ട പൗരാവകാശ രേഖ സമയബന്ധിതമായി പുതുക്കുകയും അതിൽ ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങൾ പാലിക്കുന്നുവെന്നുറപ്പാക്കുകയും വേണം. സ്കൂളുകളോടൊപ്പം ഓഫീസ് സംവിധാനങ്ങളും അക്കാദമിക കേന്ദ്രങ്ങളും സ്മാർട്ടാകേണ്ടതുണ്ട്. അതിനാവശ്യമായ വ്യക്തമായ മാസ്റ്റർപ്ലാൻ ഓരോ ഓഫീസും തയ്യാറാക്കണം. അതിൽ ഭൗതിക വികസന ആസൂത്രണവും ഉൾപ്പെട്ടിരിക്കണം.

വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം തന്നെ ജനുവരി 30-നകം വ്യക്തിഗത അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്. കൂടാതെ ഓരോ ദൗത്യത്തിൻെറയും ഭാഗമായി

നടത്തുന്ന ലക്ഷ്യപ്രസ്താവനകൾ സാർത്ഥകമാക്കാൻ വിവിധ കാലയളവിൽ നടത്തിത്തീർക്കേണ്ട പ്രവർത്തനങ്ങളും സമയബന്ധിതമായി വിഭാവനം ചെയ്യണം. അതിനായി, ഹ്രസ്വകാല/മധ്യമകാല/ദീർഘകാല പ്രവർത്തനങ്ങൾ എന്നീ വിധത്തിൽ വിഭജിച്ച് താഴെപ്പറയുന്ന പ്രകാരം പ്രവർത്തനങ്ങൾക്ക് കാലാവധി നിശ്ചയിച്ച് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. ഹ്രസ്വകാല അക്കാദമിക പ്രവർത്തനങ്ങൾ 2-7 മാസം കൊണ്ട് പൂർത്തിയാക്കാവുന്നതാകണം. ഉദാ: എല്ലാ കുട്ടികളും വായിക്കുന്നു എന്നുറപ്പാക്കൽ, മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആശയ വിനിമയം അതാത് പ്രായത്തിനനുസരിച്ച് നടത്തുന്നുവെന്നുറപ്പാക്കൽ, ഗണിത/ശാസ്ത്രാഭിരുചി വളർത്തൽ തുടങ്ങി വിദ്യാലയ സൂക്ഷ്മപ്രവർത്തനങ്ങൾ.
2. മധ്യമകാല പ്രവർത്തന പദ്ധതികൾ ഒരു വർഷത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഉദാ: ബയോഡൈവേഴ്സിറ്റി പാർക്ക്, മാലിന്യവിമുക്ത ക്യാമ്പസ്, ലഹരി വിമുക്ത കാമ്പസ്, ടാലന്റ് ലാബ് തുടങ്ങിയ അനുയോജ്യപദ്ധതികൾ.
3. ദീർഘകാല പ്രവർത്തനങ്ങൾ ഒരു വർഷത്തിലധികം സമയം ആവശ്യമായതും ആയതിനാൽ രണ്ടു മുതൽ മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതുമാണ്. (കൂടുതൽ കാര്യങ്ങൾ അനുബന്ധമായി ചേർത്തിട്ടുള്ള അക്കാദമിക മാർഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്.)

ഇങ്ങനെ വികസിപ്പിച്ച അക്കാദമിക മാസ്റ്റർപ്ലാൻ 2018 ഫെബ്രുവരി ഒന്നിന് കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളിലും സാമൂഹിക ചർച്ചയ്ക്കായി സമർപ്പിക്കണം. അധ്യാപകരക്ഷാകർത്തൃ സമിതി, വിദ്യാലയ വികസന സമിതി, തദ്ദേശ ഭരണ പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാദ്ധ്യാപകർ, അതാതു പ്രദേശത്തെ വിദ്യാഭ്യാസവിചക്ഷണർ, സാമൂഹിക/സാംസ്കാരിക പ്രവർത്തകർ, വിദ്യാഭ്യാസ തൽപ്പരരായ നാട്ടുകാർ എന്നിവരടങ്ങുന്ന സമൂഹത്തിന്റെ മുന്നിൽ ഇവ അവതരിപ്പിക്കേണ്ടതാണ്. ചർച്ച ചെയ്ത് പരിഷ്ക്കരിച്ച അന്തിമ മാസ്റ്റർ പ്ലാനിന്റെ പകർപ്പ് അതത് തലത്തിലെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് ഫെബ്രുവരി പത്തിനകം കൈമാറേണ്ടതാണ്.

ഹ്രസ്വകാല ലക്ഷ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിയ്ക്കേണ്ടതാണ്. ഈ അക്കാദമിക വർഷാവസാനമോ ഏപ്രിൽ ആരംഭത്തിലോ പ്രാദേശികമായി നടക്കുന്ന സർഗ്ഗോത്സവങ്ങളിൽ കുട്ടികളുടെ നേട്ടങ്ങൾ സമൂഹത്തിന്റെ മുന്നിൽ അവതരിപ്പിക്കേണ്ടതിനാൽ അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങാത്ത ഇടങ്ങളിൽ ഉടൻ ആരംഭിയ്ക്കുകയും ആരംഭിച്ച ഇടങ്ങളിൽ കൂടുതൽ ശക്തിപ്പെടുത്തുകയും വേണം.

അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കൽ, അക്കാദമിക പ്രവർത്തനങ്ങൾ നടക്കുന്നുവെന്നുറപ്പാക്കൽ എന്നിവ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലയായിരിക്കും. പരാമർശം (6) പ്രകാരം സ്കൂളുകളിൽ പിന്തുണാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഒ.എസ്.എം.എസ്. (Onsite Support and Monitoring System) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയിൽ താഴെപ്പറയുന്ന പ്രകാരം ക്രമീകരണങ്ങൾ

വരുത്തി അക്കാദമിക മാസ്റ്റർ പ്ലാൻ മികച്ച രീതിയിൽ വികസിപ്പിക്കുന്നതിലേക്കായി മേൽനോട്ട സമിതികൾ രൂപീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) **സബ് ജില്ലാ തലം**
എ.ഇ.ഒ. കൺവീനർ, ഡയറ്റ് ഫാക്കൽറ്റി അംഗം, ബി.പി.ഒ (എസ്.എസ്.എ.) കൂടാതെ ജില്ലാ സമിതി നിർദ്ദേശിക്കുന്ന ആർ.എം.എസ്.എ., ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി പ്രതിനിധികൾ.

2) **വിദ്യാഭ്യാസ ജില്ലാ തലം**
ഡി.ഇ.ഒ. കൺവീനർ, ഡയറ്റ് ഫാക്കൽറ്റി അംഗം, എ.പി.ഒ. (ആർ.എം. എസ്.എ) കൂടാതെ ഡി.പി.ഒ/പ്രതിനിധി (എസ്.എസ്.എ.), ജില്ലാ സമിതി നിർദ്ദേശിക്കുന്ന ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി പ്രതിനിധികൾ.

3) **ജില്ലാതലം**
ഡി.ഡി.ഇ. കൺവീനർ, ആർ.ഡി.ഡി ഹയർസെക്കന്ററി, എ.ഡി. വൊക്കേഷണൽ ഹയർസെക്കന്ററി, ഡയറ്റ് പ്രിൻസിപ്പാൾ, ഡി.പി.ഒ. (എസ്.എസ്.എ.), എ.പി.ഒ. (ആർ.എം. എസ്.എ)

ഈ സമിതികൾ അവരുടെ പരിധിയിൽപ്പെട്ട സ്ഥാപനങ്ങളെല്ലാം സമയ ബന്ധിതമായി അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**
**സെക്രട്ടറി**

അക്കൗണ്ടൻറ് ജനറൽ (എ& ഇ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, സീയറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എ.എസ്.എ.പി, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ., തിരുവനന്തപുരം
വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, തിരുവനന്തപുരം.
എല്ലാ ഡി.ഡി.ഇ. മാർക്കും, ഡി.ഇ.ഒ.മാർക്കും (ഡി.പി.ഐ. മുഖേന)
ധനകാര്യവകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഐ.& പി. ആർ.ഡി. (വെബ് &ന്യൂമീഡിയ)
KITE (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് : വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്.
ഡോ.സി.മധുസൂദനൻ, മിഷൻ മോണിറ്ററിംഗ് ടീം.